# മന്ന

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ    വാല്യം 4 ലക്കം 3

news@newsmanna.com www.newsmanna.com

050 3241610, 055 3969791    ഫെബ്രുവരി 2011


INSIDE THIS ISSUE

**മലയാളത്തെ മറക്കുന്ന മലയാളി**



ഐ.പി.സി. സഭകൾ ഒന്നിച്ചതിനുശേഷം സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടന്ന ആരാധനയുടെ ദൃശ്യം.

## അബുദബിയിലെ ഐ. പി. സി. സഭകൾ ഒന്നിച്ചു

**അബുദബി:** തലസ്ഥാനത്തെ ഐ. പി.സി. സ ഭകൾ ഒന്നിച്ച് ഒരു സഭയായി പ്രവർത്തിക്കുവാൻ തീരുമാനിച്ചതിന്റെ തുടക്കമായി സഭകളുടെ സംയുക്താരാധന ഫെബ്രുവരി 10നു സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടന്നു. പാസ്റ്റർ തോമസ് വർഗീസ് പ്രാർഥിച്ചാരംഭിച്ച ആരാധനയിൽ സഭയുടെ ചീഫ് പാസ്റ്റർ ജോൺ വർഗീസ് മുഖ്യസന്ദേശം നൽകി. ഐക്യതയോടെ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി നമുക്കു മുന്നേറാം എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. വിവിധ സഭകളെ പ്രതിനിധീകരിച്ച് ഇവാ. തങ്കച്ചൻ ദാനിയേൽ, വർഗീസ് ജേക്കബ്, ജേക്കബ് ജോർജ് എന്നിവർ ആശംസകൾ അറിയിച്ചു. ശുശ്രൂഷകൾക്കു വേണ്ടി പാസ്റ്റർ ശമുവേൽ എം. തോമസ് പ്രാർഥന നടത്തി.

യു.എ.ഇ.യിലെ പ്രഥമ പെന്തെക്കോസ്തു സഭയായ ഐ.പി.സി. അബുദബി, ഐ. പി.സി. ശാലേം, ഐ. പി. സി. ഇമ്മാനുവേൽ എന്നീ മൂന്നു പ്രമുഖ സഭകളാണ് ഒന്നിച്ചത്. അബുദബിയിലെ പ്രമുഖ ക്രൈസ്തവ ദേവാലയമായ സെന്റ് ആൻഡ്രൂസ് ചർച്ചിൽ പുതുതായി ചുമതലയേറ്റ ചാപ്ലെയ്ൻ ആന്റി തോമസൺ ഈ പള്ളിയിൽ നടക്കുന്ന ഐ. പി.സി. സഭകൾ ഒന്നിക്കണമെന്ന് ആവശ്യപ്പെട്ടപ്രകാരം കഴിഞ്ഞ മൂന്നു മാസമായി ചർച്ചകൾ നടന്നു വരികയായിരുന്നു. 1968 മെയ് അഞ്ചിനു ഇപ്പോൾ അമേരിക്കയിലുള്ള കെ.എം. ശാമുവേലും ഇപ്പോഴത്തെ അബുദബി ഐ.പി.സിയുടെ ശുശ്രൂഷകനായ തോമസ് വർഗീസും ചേർന്ന് പ്രാർഥിച്ച് ആരംഭിച്ച പ്രാർഥന കൂട്ടായ്മയാണ് യു. എ. യിലെ ആദ്യത്തെ പെന്തെക്കോസ്തു സഭയായി മാറിയത്. ഈ സഭകളുടെ ഒരുമിക്കൽ ഈ രാജ്യത്തിന്റെ ആത്മീക ഉണർവിനു കൂടുതൽ കരുത്തേകുമെന്ന് ഉറപ്പാണ്. അബുദബിയുടെ മറ്റൊരു സിറ്റിയായ മുസഫ കേന്ദ്രമായി ഏബനേസർ, ഗിൽഗാൽ, കർമേൽ എന്നീ ഐ.പി.സി. സഭകളും ശക്തമായി പ്രവത്തിക്കുന്നു. സഭകളുടെ ഒന്നിച്ചുള്ള ആരാധനകൾ എല്ലാ വ്യാഴാഴ്ചയും രാത്രി 8 മുതലും വെള്ളി വൈകിട്ട് 6.30 മുതലും ഞായറാഴ്ച 8നും നടത്താനാണ് തീരുമാനം.





## യു.എ.ഇയിൽ പവർവിഷൻ സംഗീതോസ്തവം

**ദുബൈ:** പവർവിഷൻ ടി.വി. ചാനൽ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് ഒരുക്കുന്ന സംഗീതോസ്തവം യു.എ.ഇയുടെ വിവിധ ഭാഗങ്ങളിൽ 24,25,26 തീയതികളിൽ നടക്കും. 24നു ഷാർജാ വർഷിപ്പ് സെന്ററിലും 25നു ദുബൈ ഷെയ്ഖ് റാഷിദ് ഓഡിറ്റോറിയത്തിലും 26നു അബുദബി ഇന്ത്യാ സോഷ്യൽ സെന്ററിലുമാണ് പരിപാടി. പ്രശസ്ത ഗായകരായ അനിൽ കാന്ത്, ശ്രേയ കാന്ത്, കെ.ജി. മർക്കോസ്, എലിസബേത്ത്, സ്റ്റീഫൻ ദേവസ്യ, ഷെറിൽ, പ്രേംജി എന്നിവർ പങ്കെടുക്കും. പവർവിഷൻ ചെയർമാൻ പാസ്റ്റർ കെ.സി. ജോൺ, ഡയറക്ടർ പാസ്റ്റർ ആർ. ഏബ്രഹാം എന്നിവർ നേതൃത്വം നൽകുമെന്ന് മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ ഫെമി ജോൺ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 050 1485309.

## ദൈവത്തിൽ ആശ്രയിച്ച് പ്രതിസന്ധികളെ നേരിടുക: മാർത്തോമ്മാ മെത്രാപ്പൊലീത്ത

**മാരാമൺ:** പ്രതിസന്ധികളുടെ മധ്യത്തിൽ എന്തുകൊണ്ട് ഇങ്ങനെ? എന്നു ചോദിച്ചു തളരാനല്ല, ദൈവത്തിൽ ആശ്രയിച്ച് പ്രതിസന്ധികളെ മറികടക്കാനാണ് നാം ശ്രമിക്കേണ്ടതെന്ന് ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്താ പറഞ്ഞു. പമ്പയുടെ തീരത്ത് തിങ്ങിനിറഞ്ഞ ആയിരക്കണക്കിനു വിശ്വാസികളെ സാക്ഷിനിർത്തി 116-ാമതു മാരാമൺ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദദ്ദേഹം. ഭൗതിക സാഹചര്യങ്ങളുടെ സമൃദ്ധിയിൽ നാം എവിടെ എന്ന ചോദ്യത്തിനു ഓരോരുത്തരും ഉത്തരം കണ്ടെത്തണമെന്ന് അദ്ദേഹം വിശ്വാസികളോടു ആവശ്യപ്പെട്ടു. നീ എവിടെ? നിന്റെ സഹോദരൻ എവിടെ? എന്ന ചിന്താവിഷയത്തോടൊപ്പം നിന്റെ മാതാപിതാക്കൾ എവിടെ? നിന്റെ മക്കളെവിടെ എന്നീ ചോദ്യങ്ങൾക്കുകൂടി ആധുനിക കാലഘട്ടത്തിൽ നാം ഉത്തരം പറയണം.

വിവരസാങ്കേതികതയുടെ ഈ വികസിത കാലഘട്ടത്തിൽ നമ്മുടെയുവസമൂഹം എവിടെയാണെന്ന ചോദ്യത്തിനു ഉത്തരം പറയാൻ നമുക്കു കഴിയുന്നുണ്ടോ? ജീവിതത്തിൽ തിക്താനുഭവങ്ങൾ ഉണ്ടാകുമ്പോൾ നമ്മൾ ദൈവത്തോടു ചോദ്യങ്ങൾ ചോദിച്ചുതുടങ്ങും. അതിനുമുമ്പേ നാം എവിടെ എന്ന ചോദ്യത്തിന്റെ ഉത്തരം മനസ്സിൽ ഉറപ്പിക്കണമെന്നും അതിനു ദൈവത്തിന്റെ വലിയ കൃപ ഓരോരുത്തർക്കും സഹായകമാകട്ടെ എന്നും അദ്ദേഹം പറഞ്ഞു.

### മദ്യസംസ്ക്കാരം എങ്ങോട്ട്?

"വിദേശ മദ്യഷാപ്പുകളുടെ ക്യൂവിലും, വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മാധ്യമങ്ങൾ നയിക്കുന്ന തെറ്റായ വഴിയിലും നിൽക്കുന്ന സഹോദരങ്ങളെ തിരികെ കൊണ്ടുവരേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്" ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്താ പറഞ്ഞു.

ഇന്ത്യൻ നിർമിത വിദേശമദ്യം വിറ്റ് പണമുണ്ടാക്കി ബജറ്റിൽ ചേർക്കുന്ന സർക്കാരുകൾ എന്താണ് നമ്മുടെ നാടിന്റെ ഭാവിയെപ്പറ്റി ഉദ്ദേശിക്കുന്നതെന്നു മാർത്തോമ്മാ മെത്രാപ്പൊലീത്ത ചോദിച്ചു. പാവപ്പെട്ട കൂലിവേലക്കാരന്റെ ജീവിതമാർഗം മദ്യത്തിലൂടെ സമാഹരിച്ചിട്ടല്ല സർക്കാരിന്റെ നികുതിവരുമാനം വർധിപ്പിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.







## മദ്യപാനികൾ കൂടുതൽ ഇന്ത്യയിൽ: ലോകാരോഗ്യ സംഘടന

**ന്യൂഡൽഹി:** ലോകത്തിലേറ്റവും കൂടുതൽ മദ്യാസക്തിയുള്ള ജനത ഇന്ത്യയിലാണെന്ന് ലോകാരോഗ്യ സംഘടന (ഡബ്ലിയു.എച്ച്.ഓ.) വെളിപ്പെടുത്തി. ഇന്ത്യയിലെ അഞ്ചിൽ മൂന്നു പേർ മദ്യപാനികളാണെന്നാണ് പഠനം. 2003നും 2005നും ഇടയ്ക്കാണ് ഡബ്ലിയു.എച്ച്.ഓ. പഠനം നടത്തിയത്. 35 വയസ്സിനു മുകളിലുള്ള ഒരു ഇന്ത്യാക്കാരന്റെ ശരാശരി പ്രതിശീർഷ മദ്യഉപയോഗം 2,225 ലീറ്ററാണ്. പുരുഷന്മാരിൽ ഇത് 2,393 ഉം സ്ത്രീകളിൽ 1,035 ലീറ്ററുമാണ്.

100 രാജ്യങ്ങളിലെ ആൽക്കഹോൾ ഉപയോഗത്തെക്കുറിച്ചാണ് ഐക്യരാഷ്ട്ര സംഘടന പഠിച്ചത്. ഇന്ത്യയിലെ മദ്യപാനികളിൽ 88% വിസ്കി, വോൾക്കാ, റം തുടങ്ങിയ സ്പിരിറ്റ് അടങ്ങിയ മദ്യമാണ് ഉപയോഗിക്കുന്നത്. 10% ബീയറും 2% വൈനും ആണ് ഉപയോഗിക്കുന്നത്. ലോകത്തിൽ 6% മദ്യപാനം മൂലം മരിക്കുന്നു. മുറിവുകൾ, കാൻസർ, ഹൃദ്രോഗങ്ങൾ, കരൾ രോഗങ്ങൾ എന്നിവയ്ക്കെല്ലാം മദ്യം കാരണമാകുന്നു. ലോകത്താകമാനമുള്ള 15-21നും വയസിനിടയ്ക്കുള്ളവരുടെ മരണത്തിൽ 12.5% മദ്യപാനം മൂലമാണ്.

# മലയാളത്തെ മറക്കുന്ന മലയാളി

**ജീവസന്ധാരണത്തിനായി അറേബ്യൻ മണ്ണിൽ എത്തിയവരുടെ തലമുറയിൽ പലർക്കും മലയാളിയും മലയാളവും അപരിചിതമാണ്. ഡാഡിയുടെയും മമ്മിയുടെയും നാട് എന്നതിലപ്പുറം നമ്മുടെ സംസ്കാരത്തെക്കുറിച്ചോ ഭാഷയെക്കുറിച്ചോ അവർക്ക് ബോധ്യമില്ല.**

ഭാരതീയ സാഹിത്യത്തിലെ പരമോന്നത ബഹുമതിയായ ജ്ഞാനപീഠ പുരസ്കാരം മലയാളത്തിന്റെ പ്രിയ കവി ഒ. എൻ.വി. കുറുപ്പിന് പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് സമർപ്പിച്ചപ്പോൾ മലയാളത്തിനും ഭാഷാസ്നേഹികൾക്കും അത് അഭിമാനനിമിഷമായി. മലയാളഭാഷയും മലയാളമനസ്സും മലയാളിയുടെ സംസ്കാരവും പുതുക്കാൻ ഒ.എൻ. വി. നടത്തിയ നിരന്തര പരിശ്രമങ്ങളുടെ ഫലശ്രുതിയാണ് ഈ പുരസ്കാരം.

വളരെക്കാലമായി നാട്ടിൽപോലും അവഗണന നേരിടുന്ന മലയാളഭാഷയ്ക്ക് ലഭിച്ച മഹത്തായ അംഗീകാരമാണ് ഇത്. സ്കൂൾതലത്തിൽപ്പോലും നിർബന്ധിത വിഷയമാവാതെ, സംസ്ഥാനതലത്തിൽ ഗവേഷണപഠനകേന്ദ്രമായൊരു സർവകലാശാലയില്ലാതെ, അതുകൊണ്ടുതന്നെ ദേശീയ തലത്തിൽ അംഗീകരിക്കപ്പെടാതെ നില്ക്കുന്ന മലയാളത്തെ ലോകശ്രദ്ധയിലേക്ക് പിടിച്ചു ഉയർത്തുവാൻ ഒ. എൻ.വി.യ്ക്ക് ലഭിച്ച ദേശീയ പുരസ്കാരം സഹായകമായി. മലയാളത്തിന് മറ്റ് ദക്ഷിണേന്ത്യൻ ഭാഷകളെപ്പോലെ ക്ലാസിക് പദവി ലഭിക്കണമെന്ന് ആഗ്രഹം ഇനിയും അവശേഷിക്കുന്നു.

ജീവസന്ധാരണത്തിനായി അറേബ്യൻ മണ്ണിൽ എത്തിയവരുടെ തലമുറയിൽ പലർക്കും മലയാളിയും മലയാളവും അപരിചിതമാണ്. ഡാഡിയുടെയും മമ്മിയുടെയും നാട് എന്നതിലപ്പുറം നമ്മുടെ സംസ്കാരത്തെക്കുറിച്ചോ ഭാഷയെക്കുറിച്ചോ അവർക്ക് ബോധ്യമില്ല. കേരളത്തിൽ എത്തുന്ന വിനോദസഞ്ചാരികളുടെ ഭാവത്തോടെ മാത്രം ഗൾഫിലെ ചില മലയാളി കുട്ടികൾ നാടിനെ കാണുന്ന അവസ്ഥ ഗൗരവമായി എടുക്കേണ്ടതാണ്.

അമേരിക്കയിലേക്കോ, യൂറോപ്യൻ രാജ്യങ്ങളിലേക്കോ കുടിയേറിയ കുടുംബങ്ങളുടെ സ്ഥിതിവിശേഷമല്ല ഗൾഫിലെ പ്രവാസികൾക്കുള്ളത്. അവർ ആജീവനാന്തം തങ്ങളുടെ കൂട് ഉറപ്പിക്കുമ്പോൾ അറബിനാട്ടിലുള്ളവർ ഒരു മടക്കയാത്രയ്ക്ക് തയ്യാറാകുകയാണ്. നാളെയുടെ അനിശ്ചിതത്വമാണ് മണലാരണ്യത്തിലെ പ്രത്യേകത. സൈബീരിയയിലേക്ക് തിരിച്ചുപറക്കുവാൻ ചിറകുകൾ ഉയർത്തുന്ന ദേശാടനപക്ഷി പോലെയാണ് ഇവിടുത്തെ പ്രവാസികൾ! ഇത്തരം സാഹചര്യത്തിലാണ് സ്വന്തം ഭാഷയും സംസ്കാരവും അവഗണിക്കുന്ന പ്രവാസികളുടെ പൊള്ളത്തരം വെളിവാകുന്നത്.

ഫ്ളാറ്റിലെ നാലു ചുവരുകൾക്കുള്ളിൽ ഒതുക്കപ്പെട്ടവരാണ് ഗൾഫിലെ കുട്ടികൾ. ഇവിടെ അയൽക്കാർ അറിയപ്പെടാത്തവരാണ്. ബന്ധങ്ങളുടെ വില അവർ മനസ്സിലാക്കുന്നില്ല. പിന്നെ ഏക ആശ്രയം കാർട്ടൂൺചാനലും കംപ്യൂട്ടർ ഗെയിമുമാണ്. അതവരുടെ ഉറ്റ ബന്ധുക്കളായും മിത്രങ്ങളായും രൂപാന്തരപ്പെടുന്നു. തൻമൂലം ആശയവിനിമയപാടവം (Communicstion skill) നഷ്ടമാകുന്നു. വീട്ടിൽ എത്തുന്നവരോട് സ്വതന്ത്രമായി ഇടപെടുവാൻ പോലും കുട്ടികൾ വിമ്മിഷ്ടപ്പെടുന്നത് ഇത്തരം 'മാനിയ' യുടെ ഫലമാണ്. അവധിക്കാലത്ത് നാട്ടിലെത്തിയാൽ ഇവർ മറ്റുള്ളവരോട് ഇടപഴകുകയില്ല. പേരക്കുട്ടികളെ കാണുവാൻ കൊതിച്ചിരിക്കുന്നവരോട് ഒന്നു സംസാരിക്കുവാൻ പോലും ഇവർ തയ്യാറാകുകയില്ല. സ്വന്തക്കാരും ബന്ധുമിത്രാദികളും എല്ലാം അവരുടെ കണ്ണിൽ കാഴ്ചവസ്തു മാത്രം!!

മലയാളഭാഷയോടുള്ള അലർജിയാണ് ഗുരുതരമായ അപകടം. സ്കൂളിൽ മലയാളം ഉപേക്ഷിച്ച് ഫ്രഞ്ചും ജർമ്മനും ഒക്കെ കുട്ടികൾ പഠിക്കുന്നു. വീട്ടിൽ പോലും മലയാളം സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നവരുണ്ട്. "എന്റെ കുട്ടി മലയാളം പറയുകയേ ഇല്ല" എന്ന് അഭിമാനത്തോടെ സംസാരിക്കുന്നവരെ കണ്ടിട്ടുണ്ട്.

പന്ത്രണ്ടാം ക്ലാസിനുശേഷം ഉപരിപഠനത്തിനായി നാട്ടിലെത്തുമ്പോഴാണ് പലരും പ്രതിസന്ധിയിലാകുന്നത്. നാട്ടിലെ തുറന്ന ലോകത്തിൽ ലഭിക്കുന്ന സ്വാതന്ത്ര്യവും, നിയന്ത്രണം ഇല്ലാത്ത അവസ്ഥയും കുട്ടികളുടെ മനസ്സിൽ വലിയ മാറ്റങ്ങൾ വരുത്തുന്നു. തൻമൂലം തികച്ചും ഒറ്റപ്പെടുകയും സമൂഹത്തിന്റെ ഭാഗമാകുവാൻ കഴിയാതെ വരികയും ചെയ്യുന്നു. ചെറുപ്പം മുതലേ നമ്മുടെ ഭാഷയും സംസ്കാരവും അവരെ പരിശീലിപ്പിച്ചാൽ നാട്ടിലെത്തുമ്പോൾ അപകർഷതാബോധം മാറിക്കിട്ടും.

**വാർത്തയ്ക്കപ്പുറം**
**ഷിബു മുള്ളംകാട്ടിൽ**

അഭിമാനത്തോടെ മലയാളി എന്നു പറയുവാൻ കഴിയുമ്പോഴാണ് നമ്മുടെ സംസ്കാരത്തിന്റെ തനിമ വെളിവാകുന്നത്. പ്രവാസജീവിതത്തിൽ കേരളീയതയെ പൂർണമായും മടക്കിക്കൊണ്ടുവരണമെന്നല്ല ഞാൻ വിവക്ഷിക്കുന്നത്. പ്രത്യുത തങ്ങൾ മലയാളികൾ ആണെന്നും മടങ്ങിച്ചെല്ലേണ്ടത് മലയാളമണ്ണിലേക്കാമെന്നും ഉള്ള ഉറച്ച ബോധ്യം തലമുറയിൽ സൃഷ്ടിക്കുവാനാണ് ശ്രമിക്കേണ്ടത്. മണലാരണ്യത്തിലെ ജീവിതം ഒരു ഇടത്താവളം മാത്രമാണെന്ന് തിരിച്ചറിയുകയും വേണം.

ലോകോത്തര ഭാഷയായ ഇംഗ്ലീഷിൽ നമ്മുടെ കുട്ടികൾ പ്രാവീണ്യം നേടുന്നത് അഭിമാനകരവും പ്രയോജനപ്രദവുമാണ്. ഒപ്പം സ്വന്തം ഭാഷയുടെ ബാലപാഠങ്ങൾ എങ്കിലും അവർക്ക് പറഞ്ഞുകൊടുക്കണം. മലയാളത്തെ 'മലയാലം' ആക്കി ഭാഷയുടെ സൗന്ദര്യം നഷ്ടപ്പെടുത്താതെ അതിന്റെ സ്വത്വം നിലനിർത്തുവാൻ നമുക്ക് കഴിയണം.

പാശ്ചാത്യ സംസ്കാരത്തിന്റെ മേച്ചിൽപ്പുറങ്ങൾ തേടാതെ നമ്മുടെ തലമുറയെ വഴികാട്ടുന്നതിൽ ഗൾഫിലെ സഭകൾ വഹിക്കുന്ന പങ്ക് ശ്രദ്ധേയമാണ്. സ്വന്തം ഭാഷയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുവാൻ ഒരു പരിധിവരെ നമ്മുടെ സഭകൾ വിജയിച്ചിട്ടുണ്ട്. മാതാപിതാക്കളും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കണം.

# സത്യവചനത്തിനു കാതോർക്കുക

**തോമസ് തോന്നയ്ക്കൽ**

സുവിശേഷത്തിന് ശക്തമായ വെല്ലുവിളികൾ വർധിച്ചിരിക്കുന്ന കാലമാണിത്. സുവിശേഷത്തിനെതിരെയുള്ള വെല്ലുവിളികളെ സുവിശേഷംകൊണ്ട് പ്രതിരോധിക്കുകയാണ് അഭികാമ്യം. തിരുവചനത്തിന്റെ സരളത കളയാതെ വചനം പ്രഘോഷിച്ചിടത്തെല്ലാം ആത്മീക മുന്നേറ്റങ്ങളുണ്ടായിട്ടുണ്ട്. എല്ലാ ഉണർവുകളിലും വചനം ഉണ്ടായിരുന്നു. വചനം കൂടാതെ ഉണർവുകൾ അസാധ്യമാണ്. വ്യക്തിപരമായും സമൂഹമായും ഉണർത്തപ്പെടാൻ നാം ദൈവവചനത്തിലേക്ക് മടങ്ങിപ്പോകേണ്ടിയിരിക്കുന്നു.

എസ്രായുടെ കാലത്ത് പ്രവാസികളുടെ സഭയിൽ പുനഃസ്ഥാപനവും ആത്മതപനവും ശുദ്ധീകരണവും ഉണ്ടായത് ദൈവത്തിന്റെ വചനത്തിൽ വിറയ്ക്കുന്നവർക്കിടയിൽ ആയിരുന്നു (എസ്രാ. 19:4, 10:3). ദൈവകടാക്ഷം ചൊരിയപ്പെടുന്നത് ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും ദൈവവചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്ന മനുഷ്യനിലാണെന്ന് യെശയ്യാവിന്റെ പ്രവചനപുസ്തകത്തിൽ വായിക്കുന്നു (യെശ. 66: 2). അനുസരിക്കുന്ന ദാസന്മാർ യജമാനന്റെ വാക്കുകളെ ഹൃദയത്തിന്റെ ഏകാഗ്രതയോടും ഭയത്തോടും വിറയലോടും ശ്രവിക്കുന്നവരാണ് (എഫെ. 6: 5). ദൈവഭക്തിയെ വർധിപ്പിക്കുന്നതാണ് ദൈവവചനം."നിന്നോടുള്ള ഭക്തിയെ വർധിപ്പിക്കുന്നതായ നിന്റെ വചനത്തെ അടിയനു നിവർത്തിക്കേണമേ" (സങ്കീ. 119: 38). ആത്മാവിനെ പുതുജീവനിലേയ്ക്കു അഥവാ ഉണർവിലേക്കു നയിക്കുവാൻ ദൈവത്തിന്റെ വചനത്തിനു കഴിയും (സങ്കീ. 19:7). ചരിത്രത്തിലെ ഉണർവുകൾക്കു അടിസ്ഥാനം തിരുവചനമായിരുന്നു. ആധുനിക പെന്തെക്കോസ്ത് ഉണർവിലേയ്ക്ക് നയിച്ച കൻസാസ് സിറ്റിയിലെ റ്റോപ്പീക്കയിൽ ബെഥേൽ ബൈബിൾകോളജിലെ വിദ്യാർഥികൾ അപ്പൊസ്തലപ്രവൃത്തികളിലെ പരിശുദ്ധാത്മാവിനെക്കുറിച്ച് പഠിച്ചതിലൂടെയാണ് പരിശുദ്ധാത്മസ്നാനം പ്രാപിച്ചത്. പൂനെയിൽ പണ്ഡിതരമാഭായിയുടെ മുക്തിമിഷനിലുണ്ടായ ഉണർവിന് തിരുവചനം കാരണമായി. യോഹന്നാന്റെ സുവിശേഷം എട്ടാം അധ്യായം ആസ്പദമാക്കി നടന്ന വേദപഠനക്ലാസിലെ പെൺകുട്ടികൾ പരിശുദ്ധാത്മാവിൽ നിറയുകയായിരുന്നു. ദൈവവചനം ഉണർവിന്റെ അഗ്നിയിറക്കും.

ദൈവത്തിന്റെ വചനങ്ങൾ സത്യവചനങ്ങളാണ്. ആ വചനം സ്വാതന്ത്ര്യത്തിലേക്ക് നയിക്കും. "സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ. 8:32). ദൈവവചനം ആത്മീകസ്വാതന്ത്ര്യം മാത്രമല്ല സാമൂഹിക സ്വാതന്ത്ര്യവും നല്കുന്നു. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും തടവറയിൽ കഴിഞ്ഞ ജനതകളെ സ്വാതന്ത്ര്യത്തിലേക്കു നയിച്ചത് സുവിശേഷമാണ്.

**വചനം പ്രസംഗിക്ക**

സത്യവചനത്തിൽ നിന്നും അകന്ന ഒരു തലമുറയുടെ ദുരന്തകാഴ്ച ശമുവേലിന്റെ പുസ്തകത്തിൽ കാണാം. ഏലിപുരോഹിതന്റെ കാലത്ത് വചനം ദുർലഭമായിരുന്നു. വചനത്തിൽ നിന്നും അകന്ന ആ തലമുറയുടെ അന്ത്യം ദുരന്തപൂർണമായിരുന്നു. സത്യവചനത്തിൽ നിന്നും അകന്നുപോയ ഒരു തലമുറയാണ് ഇന്നുള്ളത്. അപകടകരങ്ങളായ വചനവ്യാഖ്യാനങ്ങൾ ജനത്തെ സത്യത്തിൽ നിന്നും അകറ്റുന്നു. പുതിയനിയമവിശ്വാസത്തിന്റെ സരളത കളഞ്ഞ് ദുരുപദേശങ്ങളുടെ സങ്കീർണതകളിൽ ജനത്തെ കുടുക്കുന്ന പ്രവണത വർധിക്കുകയാണ്.

സത്യവചനത്തിന് എതിരായ ദുർപ്രവണതകൾക്കും ദുരുപദേശങ്ങൾക്കും എതിരെയുള്ള പ്രതിരോധം സത്യവചനത്തെ യഥാർഥമായി പ്രസംഗിക്കുക എന്നതാണ് (1തിമൊ. 2: 15). വചനം പ്രസംഗിക്കുക മാത്രമല്ല, വചനവിരുദ്ധ ഉപദേശങ്ങൾക്കെതിരെ ജാഗ്രതപുലർത്തുകയും ശാസിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യണമെന്നും പൗലൊസ് തിമൊഥെയോസിനെ ഉപദേശിക്കുന്നു (2 തിമൊ. 4:2). പഥ്യോപദേശം അഥവാ ഉത്തമമായ പ്രബോധനം ഉപേക്ഷിച്ച്, കേൾക്കാൻ ഇമ്പമുള്ള പ്രസംഗങ്ങളും കെട്ടുകഥകളും കേൾക്കാനുള്ള പ്രവണത പഴയകാലത്തേ ഉണ്ടായിരുന്നു. കർണരസപ്രസംഗങ്ങളും കെട്ടുകഥകളും ഇന്നത്തെ സുവിശേഷപ്രസംഗവേദികളെ മലിമസമാക്കുമ്പോൾ അവയെ കഠിനമായി ശാസിക്കണമെന്ന അപ്പൊസ്തലന്റെ വാക്കുകൾക്ക് (തീത്തൊ. 1: 14) പ്രസക്തിയുണ്ട്. നമുക്ക് സത്യവചനം പ്രസംഗിക്കാം. ജനം സത്യത്തിലേക്ക് മടങ്ങി സ്വതന്ത്രരാകട്ടെ.

# നമ്മളെല്ലാം വെറും വട്ടപ്പൂജ്യം

**സാബുജോർജ് പന്തളം**

നമ്മുടെ ഇടയിൽ അങ്ങനെ ആകരുത്. എല്ലാവരും പരസ്പരം കീഴ്പ്പെട്ടുപോകണം. മഹാൻ ആകാൻ യോഗ്യൻ മറ്റുള്ളവർക്ക് ദാസനെപ്പോലെ സേവ ചെയ്യണം. നമ്മുടെ മധ്യെ വലിയവൻ എന്ന ചിന്തയുണ്ടാകരുത്. യേശു ശിഷ്യരെ ഈ കാര്യം ഉപദേശിച്ചു. അത് ഇന്നുള്ള ശിഷ്യർക്കും ബാധകമാണ്. ഇന്ന് പദവിയും പണവും മൂലം വലിയ വാദങ്ങൾ നടക്കുന്നു. ഒന്നാമതാകുവാനുള്ള ഓട്ടം. ആത്മീകലോകം ഈകാര്യത്തിൽ മുമ്പന്തിയിൽ എത്തിയിരിക്കുന്നു. ഹീറോ ആകുവാനുള്ള ചിലരുടെ അടിയൊഴുക്കുകൾ പുരമുകളിൽ ഘോഷിക്കപ്പെടുമ്പോൾ അവർ എത്രമാത്രം സീറോ ആയിത്തീരുന്നു. ഹീറോ ആകുമ്പോഴും പൊതുജനമധ്യെ വെറും സീറോ ആണവർ എന്ന് മനസ്സിലാക്കുന്നില്ല. ഈ ഹീറോ ആകാൻ ആർക്കും കഴിയും. ആർക്കും അതിനു സമയമില്ല... ആഗ്രഹവുമില്ല എന്ന് ഹീറോമോഹികൾ ചിന്തിച്ചാൽ കൊള്ളാം. അതും, കടിപിടി കൂടുന്നത് എന്തെങ്കിലും അന്താരാഷ്ട്രസ്ഥാനത്തിനാണോ. വെറും ലോക്കൽ സംഭവമല്ലേ.

ഒരിക്കൽ ഒരു പ്രഭാഷകൻ ഇങ്ങനെ പറഞ്ഞു... പത്താം ക്ലാസിൽ കയറിയപ്പോൾ ഞാൻ കരുതി ഞാൻ എന്തോ ആയെന്നു. പത്താം ക്ലാസ് പാസായി...പ്രീഡിഗ്രി കഴിഞ്ഞു... അപ്പോൾ എനിക്കൊരു ചെറിയ സംശയം, ഞാൻ എന്തൊക്കെയോ ആകാനുണ്ടെന്ന്. ഡിഗ്രി കഴിഞ്ഞപ്പോൾ എനിക്ക് മനസ്സിലായി ഇനിയും ഒത്തിരി ഒത്തിരി കിടക്കുന്നു പഠിക്കാൻ. ഓരോ ദിവസവും പുതിയതിലേക്ക് ആയിക്കൊണ്ടിരിക്കുന്നു. ഒരു ദിവസം എനിക്ക് മനസ്സിലായി ഞാൻ ഒന്നും ആയിട്ടില്ല. ഞാനൊരു വട്ടപ്പൂജ്യം മാത്രം. ഈ ചിന്ത നമുക്കെല്ലാം ഉണ്ടായാൽ കൊള്ളാം. ഒരുപാട് കടമ്പകൾ കടന്നുകടന്നു മുന്നേറുമ്പോൾ നാം എത്ര ചെറിയവരെന്നുള്ള ചിന്ത നമ്മിൽ ഭരിക്കണം. വലിയ വലിയ മനുഷ്യർക്ക് അതുണ്ടാകുമ്പോൾ അവർ ബഹുമാനിക്കപ്പെടും. മറിച്ച് എന്തെങ്കിലും നേടുവാനുള്ള അടങ്ങാത്ത വാഞ്ചയുമായി അത് നേടുവാൻ അവിശുദ്ധമാർഗങ്ങൾ സ്വീകരിക്കുന്നവർ ഏതു പദവിയിലുള്ളവർ ആയാലും അവരുടെ ബഹുമാനം ഇല്ലാതാകും. അവർ പരിഹസിക്കപ്പെടും.

പത്താം ക്ലാസിൽ കയറിയാൽ നമ്മുടെ ചില പിള്ളേർ സണ്ടേസ്കൂളിൽ പോകില്ല. അവർ പറയുന്നത് ഞങ്ങൾ പത്തിലായി. ഇനി എന്ത് സണ്ടേസ്കൂൾ... അതൊക്കെ കൊച്ചുപിള്ളേർക്കല്ലേ... ഇത്തരം ചിന്ത പല മുതിർന്നവർക്കും നേതൃത്വത്തിനും ഉണ്ട്. അവർ ചെറിയ കാര്യങ്ങളൊന്നും സ്വീകരിക്കില്ല. എല്ലാം പഠിച്ചവർ എന്ന ചിന്ത മൂലം അവർക്ക് വേണ്ടത് മുന്തിയ ഇനം. ഈ ചിന്തമൂലം മറ്റുള്ളവർ അവർക്ക് നല്കുന്ന വില വെറും വട്ടപ്പൂജ്യം തന്നെ. യേശു പറഞ്ഞതും പ്രവർത്തിച്ചതും ശുശ്രൂഷാമനോഭാവം ഉള്ളവരാകണം എന്നാണ്. എന്നാൽ ഇന്ന് നമുക്ക് വേണ്ടത് കസേര. അതും കുറഞ്ഞതല്ല, മോടി കൂടിയത് തന്നെ വേണം. നല്ലനല്ല സ്ഥാനങ്ങളും മാനങ്ങളും കയ്യിൽ വരുമ്പോൾ അത് മറ്റുള്ളവർക്കായി വിട്ടുകൊടുക്കുവാൻ ഒരു നല്ല മനസ്സുള്ളവർക്ക് നൂറിൽ നൂറു മാർക്കും കൊടുക്കാം. സ്ഥാനവും കസേരയും പണവും കയ്യിൽ കിട്ടിയില്ലെങ്കിൽ അത് കിട്ടും വരെ പരാതി പറഞ്ഞു അതിനെ കയ്യിൽ ഒതുക്കുവാൻ രാഷ്ട്രീയ അടവുകൾ പയറ്റുന്നവർക്കുള്ള വില വട്ടപ്പൂജ്യം തന്നെ.

For Advertisements & News Publishing Please Contact: 050-3241610, 055-3969791


പാസ്റ്റർ വിൽസൺ ജോസഫ്


പാസ്റ്റർ രാജൻ ഏബ്രഹാം


കോളിൻസ് മാത്യു

# പാസ്റ്റർ വിൽസൺ ജോസഫ് യു.എ.ഇ. റീജിയൻ പ്രസിഡന്റ്

**ഷാർജ:** ഐ.പി.സി. യു.എ.ഇ. റീജിയൻ കൗൺസിൽ പ്രസിഡന്റായി പാസ്റ്റർ വിൽസൺ ജോസഫിനെ തിരഞ്ഞെടുത്തു. പാസ്റ്റർ രാജൻ ഏബ്രഹാം (സെക്രട്ടറി), കോളിൻസ് മാത്യു (ട്രഷറർ) എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. റീജിയൻ പ്രസിഡന്റായിരുന്ന പാസ്റ്റർ എം. സി. ചാക്കോ നാട്ടിലേക്കു മടങ്ങുന്നതുകൊണ്ടാണ് പുതിയ തിരഞ്ഞെടുപ്പു വേണ്ടിവന്നത്. ദുബൈ ബഥേൽ ഐ.പി.സി. സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ഗർസിം പി.ജോൺ വൈസ് പ്രസിഡന്റും, സാബു മാത്യു ജോയിന്റ് സെക്രട്ടറിയും, ഇവാ. ഷിബു വർഗീസ് ജോ. ട്രഷററായും, വിനോദ് ഏബ്രഹാം ഓഡിറ്ററായും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റായി തിരെഞ്ഞെടുക്കപ്പെട്ട പാസ്റ്റർ വിൽസൺ ജോസഫ് മികച്ച സംഘാടകനും പ്രഭാഷകനും ഷാർജ വർഷിപ്പ് സെന്റർ ചെയർമാനുമാണ്. ഐ. പി. സി. വർഷിപ്പ് സെന്റർ സീനിയർ ശുശ്രൂഷകനുമായ ഇദ്ദേഹം പരേതനായ പാസ്റ്റർ വി. റ്റി. ജോസഫിന്റെ മകനാണ്.

സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ രാജൻ ഏബ്രഹാം ദുബൈ ഐ. പി. സി. ഇമ്മാനുവേൽ ചർച്ചിന്റെ ശുശ്രൂഷകനും പി. വൈ. പി.എ. യു. എ. ഇ. റീജിയൻ പ്രസിഡന്റുമാണ്.

## പാസ്റ്റർ എം.സി. ചാക്കോയ്ക്ക് ഊഷ്മളമായ യാത്രയയപ്പ്

**ഷാർജ:** ദീർഘ വർഷങ്ങളായി ഐ.പി.സി.യുടെ സീനിയർ ശുശ്രൂഷകനും 20 വർഷമായി യു.എ.ഇ. റീജിയൻ പ്രസിഡന്റുമായിരുന്ന പാസ്റ്റർ എം. സി. ചാക്കോയ്ക്ക് ഷാർജ വർഷിപ്പ്സെന്ററിൽ റീജിയൻ കൗൺസിൽ ഹൃദ്യമായ യത്രയയപ്പ് നല്കി. പാസ്റ്റർ ഗർസീം പി. ജോൺ ഉപഹാരം നല്കി. പാസ്റ്റർ വിൽസൺ ജോസഫ് അധ്യക്ഷത വഹിച്ചു. വിവിധ പുത്രികാ സംഘടനാ പ്രതിനിധികൾ ആശംസകളറിയിച്ചു.

ആരാധനയ്ക്കും പ്രാർഥനയ്ക്കും മുസ്സഫയിൽ സൗകര്യം
കർമ്മേൽ ഐ.പി.സി. മുസ്സഫ
സഭാരാധന: എല്ലാ വ്യാഴാഴ്ചയും രാത്രി 8 മുതൽ 10 വരെ
ഉപവാസ പ്രാർഥന: എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മുതൽ 12 വരെ
ബൈബിൾ ക്ലാസ്: എല്ലാ ഞായറാഴ്ചയും രാത്രി 8 മുതൽ 10 വരെ
മഫ്റക്ക്, സനയ്യ, ഐക്കാട്, ഷാബിയ എന്നിവിടങ്ങളിൽ നിന്ന് യാത്രാ സൗകര്യം ഉണ്ടായിരിക്കും.
കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ എം.എം. തോമസ്, ഇവാ. എം. ജോസഫ്
ഫോൺ 050 3133826, 055 9433150, 050 3120740, 055 4139567

എല്ലാവിധ സംഗീത ഉപകരണങ്ങൾക്കും
New Mountain
Music Instruments Trading Co. LLC
യാർമുക്, യൂണിയൻ ചർച്ചിനു സമീപം, ഷാർജ
ഫോൺ 050-5857110/7398434


ആപ്കോൺ പ്രസിഡന്റ് പി.ജെ. ഏബ്രഹാമിന്റെ നേതൃത്വത്തിൽ നടക്കുന്ന തിരുവത്താഴ ശുശ്രൂഷ.

# ആപ്കോൺ സംയുക്താരാധന നടത്തി

**അബുദബി:** അബുദബി പെന്തെക്കോസ്തൽ ചർച്ച് കോൺഗ്രിഗേഷൻ (അപ്കോൺ) ഫെബ്രുവരി നാലിനു സെന്റ് ആൻഡ്രൂസ് ചർച്ചിൽ പെന്തെക്കോസ്തു സഭകളുടെ സംയുക്ത ആരാധനയ്ക്ക് വേദിയൊരുക്കി. വിവിധ പെന്തെക്കോസ്തു സഭകളിൽനിന്നും ആയിരത്തോളം വിശ്വാസികൾ ആരാധനയിൽ പങ്കെടുത്തു. പാസ്റ്റർ പി.റ്റി. പ്രസാദ് അധ്യക്ഷത വഹിച്ചു. പ്രസിഡന്റ് പി.ജെ. ഏബ്രഹാം കർത്തൃമേശയ്ക്കു നേതൃത്വം നൽകി. പാസ്റ്റർമാരായ ജോൺ വർഗീസ്, ജോൺസൻ കെ. ശാമുവേൽ എന്നിവർ പ്രസംഗിച്ചു. 42 വർഷത്തെ ക്രിസ്തീയ സേവനത്തിനുശേഷം കേരളത്തിലേക്കു മടങ്ങുന്ന പാസ്റ്റർ എം.സി. ചാക്കോയ്ക്കു സമ്മേളനം യാത്രയയ്പ്പു നൽകി.

വർഗീസ് ജേക്കബ്, പാസ്റ്റർ ജേക്കബ് സാമുവൽ, ജേക്കബ് ദാനിയേൽ, സോണി ഏബ്രഹാം (സെക്രട്ടറി) എന്നിവർ ആശംസകളറിയിച്ചു.

## 'പ്രാർഥനാ സംഗമം' പ്രാർഥന നടത്തി

**ഷാർജ:** യു.എ.ഇയുടെ ആത്മീയ ഉണർവിനും ആത്മാക്കളുടെ വിടുതലിനുമായി പ്രാർഥനാസംഗമവും പ്രത്യേക ഉപവാസപ്രാർഥനയും നടത്തി. എല്ലാ മാസവും രണ്ടാം ശനിയാഴ്ച രാവിലെ 10 മുതൽ ഷാർജാ വർഷിപ്പ് സെന്ററിലാണ് പ്രാർഥന. ആത്മനിറവിലുള്ള ആരാധനയ്ക്കും വചനഘോഷണത്തിനും പ്രാധാന്യം നൽകുന്ന ഈ സമ്മേളനത്തിൽ സഭാ-സംഘടനാ വ്യത്യാസമില്ലാതെ ദൈവദാസന്മാരും ദൈവമക്കളും പങ്കെടുക്കുന്നതായി ഇതിനു നേതൃത്വം നൽകുന്ന പാസ്റ്റർ കെ.പി. വേങ്ങൂർ പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് -055 2497925, 050 1464837.

## ഐ.സി.പി.എഫ്. വിദ്യാർഥിക്യാമ്പ്

**ഷാർജ:** ഇന്റർ കോളജിയറ്റ് പ്രയർ ഫെലോഷിപ്പ് വിദ്യാർഥിക്യാമ്പും വി.ബി.എസും മാർച്ച് 26-28 വരെ ഷാർജാ യൂണിയൻ ചർച്ചിൽ നടക്കും. ദിവസവും രാവിലെ 9-4 വരെയാണ് പരിപാടി.

## ചർച്ച് സെന്റർ ഉദ്ഘാടനം മാർച്ച് 11ന്

**അബുദബി:** ബ്രദറൺ ക്രിസ്ത്യൻ അസംബ്ലി മുസഫയിൽ പണികഴിപ്പിച്ച ചർച്ച് സെന്റർ ഉദ്ഘാടനം മാർച്ച് 11നു നടക്കും. ബ്രദർ എം.എം. സഖറിയ ഉദ്ഘാടനം നിർവഹിക്കും. വേർപാട് സഭകളുടെ ഉടമസ്ഥതയിലുള്ള തലസ്ഥാനത്തെ ആദ്യപള്ളിയാണിത്.

# ഡോ. കെ.ഓ. മാത്യു പ്രസിഡന്റ്, ഐപ്പ് ജോൺ സെക്രട്ടറി


ഡോ. കെ.ഓ. മാത്യു


ഐപ്പ് ജോൺ


കെ. ജോഷ്വാ

**ഷാർജ:** ദുബായ്, ഷാർജ, അജ്മാൻ എന്നീ എമിറേറ്റ്സുകളിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യവേദിയായ യുണൈറ്റഡ് പെന്തെക്കോസ്ത ഫെലോഷിപ്പ് (യു.പി.എഫ്.)ന്റെ പ്രസിഡന്റായി റവ. ഡോ. കെ.ഓ. മാത്യുവിനെ തെരഞ്ഞെടുത്തു. ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. നാഷണൽ ഓവർസീയർ, ഷാർജാ വർഷിപ്പ് സെന്റർ സെക്രട്ടറി, ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരി ഡയറക്ടർ, ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫോറം യു.എ.ഇ. ചാപ്റ്റർ രക്ഷാധികാരി, ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ് സഭകളുടെ സ്ഥാപക പ്രസിഡന്റ് തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിക്കുന്നു. മറ്റു ഭാരവാഹികളായി പാസ്റ്റർ വി.ഓ. ചെറിയാൻ വൈസ് പ്രസിഡന്റ്), ഐപ്പ് ജോൺ (സെക്രട്ടറി), ഷിബു വർഗീസ്, എ.പി. ഫിലിപ്പ് (ജോ. സെക്രട്ടറിമാർ), കെ. ജോഷ്വാ (ട്രഷറർ), പി.കെ. ഉമ്മൻ (ജോ. ട്രഷറർ), ബൈജു മാത്യു, ജിബു മാത്യു (ഓഡിറ്റർമാർ), ഇവാ. ദിലു ജോൺ (ക്യാമ്പ് കോ-ഓർഡിനേറ്റർ), ജോജി തോമസ് കുട്ടി (വെബ് കോ-ഓർഡിനേറ്റർ) എന്നിവരെയും തെരഞ്ഞെടുത്തു.

അബുദാബിയിൽ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്ന വിശ്വാസികളുടെ ശ്രദ്ധയ്ക്ക്
ആത്മിക ആരാധനക്കും വിടുതലിനും
ഐ.പി.സി. ഏബൻ ഏസർ
എല്ലാ വ്യാഴാഴ്ച മുസഫയിലും എല്ലാ ചൊവ്വാഴ്ച അബുദാബി മർത്തോമ്മാ പാരീഷ് ഹാളിലും ആരാധനാ യോഗങ്ങൾ
PYPA, ലേഡീസ് മീറ്റിംഗ്, ഉപവാസ പ്രാർത്ഥന ക്യാംപ് മീറ്റിംഗ്, സുസജ്ജമായ ക്വയർ
രാത്രി 08:00 മുതൽ 10.30 വരെ
FOR DETAILS



Pr. George Mathew 050 7213965
Evg. T. M. Abraham 050 7825315
Pr. Jacob Samuel 050 3332358
Evg. Thomas M. Thomas 050 6625343



GRACE GOSPEL MINISTRIES
(A Pentecostal Charismatic movement to reach the unreached)
Motto
Know God & Make Him Known Through Word & Deed
Ministry:
- Meeting the basic needs of underprivileged children and families.
- Establishing orphanages, care centers and medical centers for widows and physically challenged.
- Providing basic education and medical helps to lead a healthy lifestyle.
- Evangelization, church planting and train youngsters…etc.
Our Address: Pr. Varghese Cherian, Grace Gospel Ministries, Gopabandhu Nagar, Hillpatna 760005, Ganjam, Orissa, India
Phone: +91 680 2203427
Cell: +91 9937134818 / 0091 9337134818
UAE: +971-55-862 1000
Website: ggmorissa.org
Facebook: www.facebook.com/ggmorissa
E-mail: ggmorissa@gmail.com
jesuslovesorissa@yahoo.co.in